മാലിന്യ സംസ്കരണ പ്ലാന്റ് എന്നിവ ഒരുക്കിയിട്ടുണ്ട്. കൂടാതെ HCL Infosystem, Virtus IT Service, Zafin Software Centre for Excellence, Speridian Technologies, Vinvish Technologies, Ariva Meddata Infotech എന്നീ IT കമ്പനികൾക്ക് 90 വർഷത്തേക്ക് ഭൂമി പാട്ടത്തിനും നൽകിയിട്ടുണ്ട്.

(സി) ഇവിടെ ഏറ്റെടുക്കാൻ കഴിയാതിരുന്ന സ്ഥലത്തിന്റെ വില മുന്പ് നിശ്ചയിച്ചിട്ടില്ലാത്തതിനാൽ സ്ഥലത്തിന്റെ വിലയായി എന്തു തുക അധികം നൽകേണ്ടിവരുമെന്ന് കണക്കാക്കാൻ സാധിക്കില്ല.

(ഡി) 19.21 ഹെക്ടർ.

(ഇ) TCS-ന് 82 ഏക്കറും IIITM-K-ക്ക് 10 ഏക്കർ സ്ഥലവും അനുവദിച്ചിട്ടുണ്ട്.

ആംനസ്റ്റി പദ്ധതി

8 (*308) ശ്രീ. സി. കെ. പി. പദ്മനാഭൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി ആവിഷ്കരിച്ച 'ആംനസ്റ്റി പദ്ധതി' യിലൂടെ ഇതിനകം എത്ര രൂപ പിരിച്ചെടുക്കാൻ കഴിഞ്ഞു വെന്ന് വ്യക്തമാക്കുമോ ;

(ബി) 'ആംനസ്റ്റി പദ്ധതി' നടപ്പാക്കിയതിനുശേഷം സംസ്ഥാനത്തിന്റെ നികുതി കുടിശ്ശികയിൽ കുറവുണ്ടായിട്ടുണ്ടോ ;

(സി) ആംനസ്റ്റി പദ്ധതി നടപ്പാക്കിയിട്ടും കുടിശ്ശിക ഒടുക്കുവാൻ തയ്യാറാകാത്തവരുടെ പേരിൽ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തോമസ് ഐസക്) :

(എ) ആംനസ്റ്റി പദ്ധതിയിലൂടെ ഇതിനകം (31-12-2010 വരെ) 211.14 കോടി രൂപ പിരിച്ചെടുക്കാൻ കഴിഞ്ഞു.

(ബി) 31-12-2010-ലെ കണക്കനുസരിച്ച് നികുതി കുടിശ്ശിക 3447.52 കോടി രൂപ ഉണ്ടെങ്കിലും കോടതി സ്റ്റേ, പൊതുമേഖലാ സ്ഥാപനങ്ങളുടെ കുടിശ്ശിക, കച്ചവടം നിർത്തിയ കച്ചവടക്കാരുടെ കുടിശ്ശിക, സംസ്ഥാനത്തിന് പുറത്തുള്ള കച്ചവടക്കാരുടെ കുടിശ്ശിക, കമിഷൻ നൽകേണ്ട തുക മുതലായവ ഒഴിവാക്കിയാൽ പിരിച്ചെടുക്കാവുന്ന തുക 747.33 കോടി രൂപ മാത്രമേ ഉള്ളൂ.

(സി) ആംനസ്റ്റി പദ്ധതി നടപ്പാക്കിയിട്ടും കുടിശ്ശിക ഒടുക്കുവാൻ തയ്യാറാകാത്തവരുടെ പേരിൽ കർശനമായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly